പ്രവൃത്തികൾക്കുമാണ് വെള്ളപ്പൊക്ക ദുരിതാശ്വാസനിധി പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ഇതിനുള്ള ഭരണാനുമതി ജില്ലാടിസ്ഥാനത്തിലാണ് നൽകിവരുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. പദ്ധതികൾ ഒന്നുംതന്നെ സി.ആർ.എഫ്. ഉപയോഗിച്ച് നടപ്പാക്കുന്നില്ല.

(ബി-ജി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

അഞ്ചുതെങ്ങിൽ തീപിടിത്തത്തിൽ വീട് നശിച്ചവർക്ക് ധനസഹായം

171 (3945) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചുതെങ്ങ് കായിക്കര അപ്പൻതോട്ടത്തെ തീപിടുത്തത്തിൽ വീടുകൾ നശിച്ച കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന വിഷയത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നിയമതടസം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിലുള്ള കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഇ) ഈ കുടുംബങ്ങൾക്കുള്ള ധനസഹായം എത്ര നാളിനകം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഞ്ചുതെങ്ങ് കായിക്കര അയ്യപ്പൻ തോട്ടത്തെ തീപിടുത്തത്തിൽ വീടുകൾ നശിച്ച 4 കുടുംബങ്ങൾക്ക് 19-4-2010-ലെ ജി.ഒ.(ആർ.റ്റി) നം.1907/10/ റവന്യൂ നമ്പർ ഉത്തരവുപ്രകാരം 2,000 രൂപാവീതം ധനസഹായം അനുവദി ച്ചിട്ടുള്ളതും, ടി 4 പേർക്കും ടി തുക വിതരണം ചെയ്തിട്ടുള്ളതുമാണ്.

(ബി) ഇല്ല.

(സി) ടി വിഷയത്തിൽ നാശനഷ്ടമുണ്ടായ 4 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നു 19-4-2010-ലെ സ.ഉ. നം.1907/10/റവ പ്രകാരം 2000 രൂപാ വീതം അനുവദിക്കുകയും, പ്രസ്തുത തുക വിതരണം ചെയ്തിട്ടുള്ളതു മാണ്.

(ഡി) ഉണ്ട്.

(ഇ) ധനസഹായം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly